**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**
**കീം (KEAM) - 2026**

**ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള മൂന്നാം ഘട്ട താൽക്കാലിക കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

2026-ലെ ആർക്കിടെക്ചർ കോഴ്സിലേക്കുള്ള മൂന്നാം ഘട്ട താൽക്കാലിക കേന്ദ്രീകൃത അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ അലോട്ട്മെന്റ് ആർക്കിടെക്ചർ കോഴ്സിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാന ഘട്ട അലോട്ട്മെന്റായിരിക്കും. വിദ്യാർത്ഥികൾക്ക് 'KEAM 2026 - Candidate Portal' ലെ 'Provisional Allotment List' എന്ന മെനു ക്ലിക്ക് ചെയ്ത് താൽക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

ആർക്കിടെക്ചർ കോഴ്സിലേക്ക് മൂന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനു വിദ്യാർത്ഥികൾക്ക് അവസരം നൽകിയിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ നടപടികൾ പൂർത്തിയാക്കിയവരുടെ ഓപ്ഷനുകൾ പരിഗണിച്ചാണ് താൽക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

ആർക്കിടെക്ചർ കോഴ്സിലേക്കുള്ള താൽക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച് സാധുവായ പരാതികളുണ്ടെങ്കിൽ ceekinfo.cee@kerala.gov.in എന്ന ഇമെയിലിലേക്ക് 'Architecture Provisional Allotment' എന്ന വിഷയം പരാമർശിച്ച് **14.08.2026 ഉച്ചയ്ക്ക് 02.00 മണിക്ക് മുൻപായി** അറിയിക്കേണ്ടതാണ്. സാധുവായ പരാതികളുണ്ടെങ്കിൽ അവ പരിഹരിച്ച ശേഷം അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332120**

Digitally signed by
R Manoj
Date: 13-08-2026
15:11:27

ജോയിന്റ് കമ്മീഷണർ (അക്കാദമിക് )

തിരുവനന്തപുരം
13-08-2026

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**